## 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1591** **15-03-2022 - ൽ മറുപടിയ്ക്ക്**

## കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക ഉല്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളായി മാറ്റുന്നത് വഴി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | കാർഷിക രംഗത്ത് തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കുന്നതിനും കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണം, മൂല്യ വർദ്ധനവ് എന്നിവയുമായി കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ എന്നിവ രൂപീകരിച്ചിട്ടുണ്ട്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യ വർദ്ധിത ഉത്പന്ന നിർമ്മാണ വ്യവസായ ങ്ങൾക്ക് താഴെപ്പറയുന്ന പദ്ധതികളാണ് എസ്.എഫ്.എ.സി വഴി നടപ്പാക്കുന്നത്. ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി ഈ വർഷം 400 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ, കണ്ടെയ്നർ മാതൃകയിലുള്ള സംസ്കരണ/വിപണന കേന്ദ്രം, സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, സെക്കൻഡറി നഗര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ/ ഇൻക്യൂബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, എന്നിവ ഈ വർഷം കൃഷി വകുപ്പ് സ്വന്തമായും സഹകരണവകുപ്പുമായി ചേർന്നും നടപ്പിലാക്കുന്നു. കൂടാതെ വ്യക്തികൾക്ക് സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിനു 50%സബ്സിഡി നിരക്കിൽ 51 പേർക്ക് 84 ലക്ഷം രൂപയും, PACS, FPO, മറ്റു സ്ഥാപനങ്ങൾ എന്നിവ മുഖേന സ്ഥാപിക്കുന്ന സംസ്കരണ മൂല്യ വർദ്ധിത യൂണിറ്റുകൾ ഇൻക്യൂബേഷൻ സെന്ററുകൾ എന്നിവ സ്ഥാപിക്കുന്നതിനും 9 യൂണിറ്റുകൾക്ക് 94 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| ക്രമ നം. | സംരംഭം | മൂലധന നിക്ഷേപം | സബ്സിഡി |
|---|---|---|---|
| 1 | സൂക്ഷ്മ തല സംരംഭം | 25 ലക്ഷം രൂപ വരെയുള്ള സംരംഭം | 50% പരമാവധി 10 ലക്ഷം |
| 2 | ചെറുകിട സംരംഭം | 25 ലക്ഷം മുതൽ 1 കോടി രൂപ വരെയുള്ള സംരംഭം | 40% പരമാവധി 25 ലക്ഷം |
| 3 | ഇടത്തരം സംരംഭം | 1 കോടി മുതൽ 5 കോടി വരെ രൂപ വരെയുള്ള സംരംഭം | 30% പരമാവധി 50 ലക്ഷം |